2403

# കേരള സർക്കാർ

സംഗ്രഹം

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതി, ഭവന പുനരുദ്ധാരണം/അഡീഷണൽ റൂം, ടോയ്‌ലറ്റ് നിർമ്മാണം എന്നിവയ്ക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതി എന്നിവ പ്രകാരം ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള വാർഷിക വരുമാന പരിധി 50,000/-രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

==========================================================================

**പട്ടികജാതി പട്ടികവർഗ്ഗ വികസന (സി) വകുപ്പ്**

**സ.ഉ. (കൈ) നം.19/2014/പജപവവിവ. തീയതി, തിരുവനന്തപുരം, 03.03.2014**

==========================================================================

പരാമർശം: പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 04.11.2013 ലെ ഡെവ.എ 3-9595/13 നമ്പർ കത്ത്.

## ഉത്തരവ്

പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതി, ഭവന പുനരുദ്ധാരണം/അഡീഷണൽ റൂം, ടോയ്‌ലറ്റ് നിർമ്മാണം എന്നീ പദ്ധതികൾ പ്രകാരം ആനുകൂല്യങ്ങൾ നൽകി വരുന്നത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പട്ടികജാതിയിൽപ്പെട്ടവർക്കാണ്. ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവരും എന്നാൽ സ്വന്തം വരുമാനം കൊണ്ട് ഭൂമിയോ വീടോ സ്വന്തമാക്കുവാൻ കഴിയാത്തവരുമായ കുടുംബങ്ങൾക്ക് ടി പദ്ധതികളുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനായി വരുമാന പരിധി ഉയർത്തുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ പരാമർശിത കത്ത് പ്രകാരം ശുപാർശ സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ദാരിദ്ര്യരേഖ കഴിഞ്ഞവരും വരുമാനം കൊണ്ട് സ്വന്തമായി വീടോ ഭൂമിയോ കക്കൂസോ പ്രാപ്തമാക്കാൻ കഴിയാതെയുള്ള കുറച്ച് പേർക്കെങ്കിലും വരുമാന പരിധി ഉയർത്തുന്നതുവഴി വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ ഗുണഭോക്താക്കൾ ആകാൻ സാധിക്കുമെന്ന് കണ്ട്, പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതി, ടോയ്‌ലറ്റ് നിർമ്മാണത്തിന് ധനസഹായം, ഭവന പുനരുദ്ധാരണം/അഡീഷണൽ റൂം നിർമ്മിക്കുന്നതിന് ധനസഹായം എന്നീ പദ്ധതികൾക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള വാർഷിക വരുമാന പരിധി 50,000/- രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
അജയൻ . സി
അണ്ടർ സെക്രട്ടറി.

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്. സെക്ടർ) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
തദ്ദേശ സ്വയംഭരണ വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), ഐ & പി.ആർ.ഡി.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ